©
കേരള സർക്കാർ
Government of Kerala
2015

1

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2015 ജൂലൈ 6<br>6th July 2015<br>1190 മിഥുനം 21<br>21st Mithunam 1190<br>1937 ആഷാഢം 15<br>15th Ashadha 1937 | നമ്പർ<br>No. | 1644 |



## കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 55/2015/തൊഴിൽ. *തിരുവനന്തപുരം, 2015 മേയ് 18 / 1190 ഇടവം 4.*

**എസ്. ആർ. ഒ. നമ്പർ 438/2015.**—2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2007 മാർച്ച് 15-ാം തീയതിയിലെ ജി.ഒ. (എംഎസ്.) 29/2007/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2007 മാർച്ച് 15-ാം തീയതിയിലെ 496-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/2749/2015/S-21.

എസ്.ആർ.ഒ. നമ്പർ 235/2007 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2007-ലെ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിനായി കേരള സർക്കാർ താഴെ പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2015-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2007-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 34-ാം ഖണ്ഡികയിലെ (1)-ാം ഉപഖണ്ഡികയ്ക്ക് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ മറ്റേതെങ്കിലും ആക്റ്റുകളിലെ വ്യവസ്ഥ പ്രകാരം ഒരംഗത്തിന് അറുപതു വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിയശേഷം പെൻഷൻപറ്റി പിരിയേണ്ടി വന്നാൽ, അറുപത് വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശദായം നിധിയിലേക്ക് അടച്ചാൽ, അങ്ങനെയുള്ള അംഗത്തിന് പെൻഷൻ നൽകേണ്ടതാണ്".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കുറഞ്ഞത് പത്ത് വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന്, സ്ഥിരമായ ശാരീരിക അവശതമൂലം രണ്ടുവർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ അറുപത് വയസ്സ് തികഞ്ഞാലോ, അംഗത്തിന്റെ അപേക്ഷ പ്രകാരം പെൻഷൻ നൽകേണ്ടതാണ് എന്ന് 2007-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ ഖണ്ഡിക 34-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ചില സ്ഥാപനങ്ങളെങ്കിലും തൊഴിലാളികൾക്ക് 60 വയസ്സ് തികയുന്നതിന് മുമ്പ് മറ്റ് ആക്റ്റുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സൂപ്പർ ആനുവേഷനിൽ പിരിച്ചയച്ചു വരുന്നു. ഇതുമൂലം അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുംവരെ അംശദായം അടച്ച് പെൻഷൻ ഉറപ്പാക്കാൻ കഴിയുന്നില്ല. ആയതിനാൽ അപ്രകാരം പിരിച്ചയയ്ക്കുന്ന ജീവനക്കാരിൽ അംഗങ്ങൾക്ക് അറുപതു വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള അംശദായം നൽകി പെൻഷൻ ഉറപ്പാക്കുന്നതിലേക്ക് പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.